12025

പ്രേഷിതൻ,

സുബൈർ അഹമ്മദ്.സി.പി.എം.
**Correspondence Address:**
സിനിയർ ക്ലാർക്ക്
ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസ്,
അയ്യന്തോൾ, തൃശ്ശൂർ-680003
Mob: 9497181075, 8281526077.

സ്വീകർത്താവ്

**അപ്പലേറ്റ് അതോറിറ്റി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്സർ**
Directorate of Social Justice, Vikas Bhavan,
4th Floor, Thiruvananthapuram -33

THE DIRECTOR
14 FEB 2017
TRIVANDRUM

വിഷയം: **വിവരാവകാശ നിയമം-2005** - ഒന്നാം അപ്പീൽ - സംബന്ധിച്ച്.

സൂചന: 1. സാമൂഹ്യ നീതി ഡയറക്ടർ കത്ത് നമ്പർ ഇ5/10117/17, 18.01.2017.
2. മേഖല അസിസ്റ്റന്റ് ഡയറക്ടർ, എറണാകുളം നമ്പർ: ആർ. എ. ഡി/213/2016, 04.02.17

സൂചന:2 ലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ. കെ. കെ വിനയൻ, മേഖല അസിസ്റ്റന്റ് ഡയറക്ടർ, എറണാകുളം അവർകൾ സൂചന പ്രകാരം ലഭ്യമാകിയ മറുപടി **തൃപ്തികരമല്ല. താങ്കളുടെ അധികാരപരിധിയിൽ വരുന്ന എതല്ലാം ഓഫീസ്സുകളിലെ** ഒഫീഷ്യൽ മെയിലിലേക്ക് ടിയാൻെറ ഭാഗം ബോധിപ്പിക്കുന്ന കത്ത് ലഭ്യമാക്കി എന്ന വിവരം ശ്രീ. കെ. കെ വിനയൻ, അവർകൾ നൽകുവാൻ തയ്യാർ അല്ല എന്നാണ് മനസ്സിലാകുന്നത്. ആയത് ലഭ്യമാക്കുവാൻ ഒന്നാം അപ്പീലായി, വിനിതമായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

തൃശ്ശൂർ
08.02.2017

സുബൈർ അഹമ്മദ്.സി.പി.എം.

**ഉള്ളടക്കം: സൂചന 2 കത്ത് (പകർപ്പ്).**

നമ്പർ: ആർ.എ.ഡി./213/2016

മേഖല അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ,കാക്കനാട്, കൊച്ചി - 30
ഫോൺ : 0484 –2421126 തീ.04/02/2017
**radofficeekm@gmail.com**

കെ.കെ. വിനയൻ
മേഖലാ അസിസ്റ്റന്റ് ഡയറക്ടർ
(സാമൂഹ്യനീതി വകുപ്പ്)
എറണാകുളം

**ശ്രീ സുബൈർ അഹമ്മദ് സി.പി.എം**
**സീനിയർ ക്ളാർക്ക്**
**ഡെപ്യൂട്ടി ട്രാൻസ്പോർട്ട്കമ്മീഷണർ ഓഫീസ്**
**അയ്യന്തോൾ, തൃശൂർ - 68003**

സർ,

വിഷയം:-സാമൂഹ്യനീതി വകുപ്പ് :- വിവരവകാശ നിയമം 2005 പ്രകാരം ആവശ്യപെട്ട -തനുസരിച്ചുള്ള വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന:- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ കത്ത് നമ്പർ ഇ5 10117/17തീ. 18/01/2017.

വിവരവകാശ നിയമപ്രകാരമുള്ള താങ്കളുടെ 13/01/2017ലെ അപേക്ഷ അനുസരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ വകുപ്പ് ഡയറക്ടർ സൂചനാപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പാലിച്ചുകൊണ്ട് വിവരങ്ങൾ ക്രമമായി താഴെ നൽകുന്നു.

സംസ്ഥാനമനുഷ്യാവകാശകമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ചാണ് , ശ്രീ സുബൈർ അഹമ്മദ് സി.പി.എംന്റെ 04/10/2016ലെ പരാതിയിൻമേൽ വിശദീകരണം നൽകിയതും ഇതിന്റെ തുടർച്ചയായി വിശദമായ റിപ്പോർട്ട് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കിയത്. ഔദ്യോഗികമായ മെയിലിൽ നിന്നും ഈ രണ്ട് ഓഫീസുകളിലേക്ക് മാത്രമാണ് വിവരങ്ങൾ കൈമാറിയിട്ടുള്ളത്. സംസ്ഥാനത്തെ ജില്ലാസാമൂഹ്യനീതി ഓഫീസുകളിലേക്കോ, പ്രോഗ്രാം ഓഫീസുകളിലേക്കോ, ഔദ്യോഗിക മെയിലിൽ നിന്നും ഒരു വിവരങ്ങളും അയച്ചിട്ടില്ല. ഗുരുതരമായ ആരോപണം ഉന്നയിച്ചിരുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ പറയുന്ന ഓഫീസുകളിൽ നിന്നും വിവരവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ തേടിയിരുന്നു.

(1) ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട്.
(2) ജില്ലാ സാമൂഹ്യനീതി ഓഫീസ്, തൃശൂർ.
(3) ജില്ലാതല ഐ.സി.ഡി.എസ് സെൽ പാലക്കാട്.

കൂടാതെ മനുഷ്യാവകാശകമ്മീഷന് സമർപ്പിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കുവാൻ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ കൊല്ലം ജില്ലതല ഐ.സി.ഡി.എസ് സെൽ സീനിയർ സൂപ്രണ്ടായ എന്റെ സുഹൃത്തുമായും വിവരങ്ങൾ പങ്കു വെച്ചിട്ടുണ്ട്. ഇതെല്ലാം പേഴ്സണൽ മെയിലിൽ നിന്നുമാണ് അയച്ചിട്ടുള്ളത്.

(മറുപുറം)

യാത്രാപ്പടി ബില്ലിലെ അപാകതകൾ വിശദീകരിക്കുവാൻ അവസരം നൽകിയെങ്കിലും അത് പ്രയോജനപ്പെടുത്താതെ , നിയമാനുസൃത നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചത്. അതും മര്യാദ പാലിക്കാത്ത കത്തിലൂടെ. തെറ്റു പറ്റിയതോ, ക്ളറിക്കൽ മിസ്റ്റേക്കോ ആയിരുന്നെങ്കിൽ വിശദീകരണത്തിൽ പറയാമായിരുന്നു. ആരേയും അപമാനിക്കുവാനും, ദ്രോഹിക്കുവാനും ഞാൻ ശ്രമിച്ചിട്ടില്ല താങ്കൾ തന്നെ തയ്യാറാക്കിയിട്ടുള്ള പരാതിയിൽ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്. **"My wife Smt. Meera. P., District Programm Officer, Thrissur, is in a disheartened state due to work place sexual harassment. # Shri. Vinayan, Regional Assistant Director, Ernakulam, is constantly harassing her".** ഇങ്ങനെയൊരു കാര്യമേ ഇല്ലെന്നു തെളിയിച്ചുകൊണ്ട് ടി ഉദ്യോഗസ്ഥയുടെ മാനം രക്ഷിക്കുവാനുള്ള ശ്രമങ്ങളാണ് എന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളൂ എന്ന വിവരം കൂടി കൂട്ടിച്ചേർക്കുന്നു.

മറുപടി സംബന്ധിച്ച് താങ്കൾക്ക് ആക്ഷേപമുള്ള പക്ഷം ഈ കത്ത് കൈപ്പറ്റി നിശ്ചിത ദിവസത്തിനകം ചുവടെ ചേർക്കുന്ന വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

**അപ്പലേറ്റ് അതോറിറ്റി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ,**
**തിരുവനന്തപുരം.-33**

**വിശ്വസ്തതയോടെ,**

**മേഖലാ അസിസ്റ്റന്റ് ഡയറക്ടർ**
**എറണാകുളം**